# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: /സി.5/1743/2022 കെ.എസ്.എ./കെ.എൻ.ആർ.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-13,1-14 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (എയിംസിൽ)
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,ജനറൽ,കണ്ണൂർ (ഇ-മെയിൽ)
3.ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ. /സി.5/1743/2022 തീയ്യതി: 20/03/2023

## കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-04-2022 മുതൽ 06-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിനോദ്.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയരക്ടർ | 07-12-2022 | 08-12-2022 |
| ശ്രീ കിഷോർ തോമസ്.എം | സീനിയർ ഡെപ്യൂട്ടി ഡയരക്ടർ | 12-12-2022 | 17-12-2022 |
| ശ്രീ.രാജിലൻ.എം.സി | സീനിയർ ഡെപ്യൂട്ടി ഡയരക്ടർ-ഇൻ ചാർജ് | 09-12-2022 | 11-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-12-2022 | 17-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് ബാബു കെ.വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. മനോജ് കുമാർ ടി ജോർജ്ജ്, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി സബിത കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജിഷ.കെ.സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സരുൺ.കെ | സെക്രട്ടറി | 01-04-2021 | 09-05-2021 |
| ശ്രീ.സുനിൽകുമാർ.കെ | സെക്രട്ടറി | 10-05-2021 | 13-06-2021 |
| ശ്രീ.ഉല്ലാസൻ.കെ | സെക്രട്ടറി | 14-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ലജിത.വി.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.അരവിന്ദ്.ഇ.എൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ഡോ: അനീഷ് ബാബു.ടി | മെഡിക്കൽ ഓഫീസർ,സി എച്ച് സി,പാപ്പിനിശ്ശേരി | 01-04-2021 | 31-03-2022 |
| ഡോ:സിന്ധുകല.എ.ആർ | മെഡിക്കൽ ഓഫീസർ,സി എച്ച് സി,അഴീക്കോട് | 01-04-2021 | 31-03-2022 |
| ശ്രീമതി ദിവ്യ.സി | സി ഡി പി ഒ | 01-04-2021 | 31-03-2022 |
| ശ്രീ.ലിനീഷ്.ടി.കെ | വ്യവസായവികസനഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജേഷ്.കെ | പട്ടികജാതിവികസനഓഫീസർ ഗ്രേഡ്-2 | 01-04-2021 | 24-09-2021 |
| ശ്രീമതി.ജീന.സി | പട്ടികജാതിവികസനഓഫീസർ ഗ്രേഡ്-2 | 25-09-2021 | 13-12-2021 |
| ശ്രീ.വേണു.എ | പട്ടികജാതിവികസനഓഫീസർ ഗ്രേഡ്-2 | 14-12-2021 | 26-01-2022 |
| ശ്രീമതി.കുശല.എം.വി | പട്ടികജാതിവികസനഓഫീസർ ഗ്രേഡ്-2 | 27-01-2022 | 31-03-2022 |
| ശ്രീമതി.മിനി പി ജോൺ | അസിസ്റ്റന്റ് ഡയരക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 10-10-2021 |
| ശ്രീമതി .രാഖി.കെ | അസിസ്റ്റന്റ് ഡയരക്ടർ ഓഫ് അഗ്രികൾച്ചർ | 11-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ദിവ്യ വത്സൻ | ക്ഷീരവികസന ഓഫീസർ | 01-04-2021 | 23-07-2021 |
| ശ്രീ.സിനാജ്ജുദ്ദീൻ.പി.എച്ച് | ക്ഷീരവികസന ഓഫീസർ | 24-07-2021 | 31-03-2022 |
| ശ്രീ നാരായണൻ.പി.പി | സൂപ്രണ്ട് ഗ്രേഡ്-1സർക്കാർ വൃദ്ധസദനം,അഴീക്കോട്-ഇൻ ചാർജ് | 01-04-2021 | 19-05-2021 |
| ശ്രീ നാസർ.പി.കെ | സൂപ്രണ്ട് ഗ്രേഡ്-1സർക്കാർ വൃദ്ധസദനം,അഴീക്കോട്-ഇൻ ചാർജ് | 20-05-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി. | 1-6 |
| 9 | ക്യാഷ് പരിശോധന | 1-7 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 12 | ബ്ലോക്ക് ഗ്രാമസഭ | 1-10 |
| 13 | വാടക കുടിശ്ശിക ഈടാക്കിയില്ല- ബ്ലോക്ക് പഞ്ചായത്തിന് വരവ് നഷ്ടം | 1-11 |
| 14 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിലെ തുക ബ്ലോക്ക് പഞ്ചായത്തിന് പൂർണ്ണമായും ലഭിച്ചില്ല. | 1-12 |
| 15 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് വേണ്ടിയുള്ള പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടനിർമ്മാണത്തിൽ ഗുരുതരമായ പിഴവുകൾ- ജീർണ്ണാവസ്ഥയിലായ ഇരുനില കെട്ടിടം പൊളിച്ചുമാറ്റുന്നതിന് സാങ്കേതികവിദഗ്ധരുടെ നിർദ്ദേശം- 14,58,749/-രൂപയുടെ പാഴ് ചെലവ് | 1-13 |
| 16 | നിഷ്ക്രിയ ആസ്തികൾ വർദ്ധിച്ചുവരുന്നു-പുനരുജ്ജീവന നടപടികൾ സ്വീകരിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് ഗുരുതര വീഴ്ച. | 1-14 |
| 17 | സംയുക്ത പ്രോജക്ടുകളുടെ നിർവഹണം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-15 |
| 18 | അഴീക്കോട് സി.എച്ച്.സിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല. ഉപകരണങ്ങൾ വാങ്ങിയ ചെലവ് തുക 852305 രൂപ തടസപ്പെടുത്തുന്നു. | 1-16 |
| 19 | പാപ്പിനിശ്ശേരി സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ- അഡ്വാൻസായി തുക നൽകിയിട്ടും മരുന്നുകൾപൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-17 |
| 20 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയം നടത്താതെ തുക അനുവദിച്ചു. 6,00,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 21 | പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-സാക്ഷ്യ പത്രങ്ങൾ ലഭ്യമല്ല. 265000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-19 |

| | | |
|---|---|---|
| 22 | വൃദ്ധ മന്ദിരത്തിലേക്ക് ജനറേറ്റർ വാങ്ങിയത്-പ്രവർത്തന ക്ഷമമായിട്ടില്ല. ചെലവ് തുക 826590 തടസപ്പെടുത്തുന്നു. | 1-20 |
| 23 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ബ്ലോക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-21 |
| 24 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ബ്ലോക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-22 |
| 25 | സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾ -നടപടി ക്രമങ്ങൾ പാലിക്കുന്നില്ല | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 17-02-2021 തീയതിയിലെ യോഗ തീരുമാനപ്രകാരം തയ്യാറാക്കിയ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 19-02-2021 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതിയുടെ സാധാരണയോഗത്തിൽ അവതരിപ്പിക്കുകയും അതേ ദിവസം തന്നെ ഉച്ചക്ക് ശേഷം ചേർന്ന ഭരണസമിതി സാധാരണയോഗത്തിൽ ഭേദഗതികളൊന്നുമില്ലാതെ ഭരണസമിതിയുടെ 83/20-21 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുമുണ്ടായി. പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയതിന്റെ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി, ഭരണസമിതി തീരുമാനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം (2022-23 ബജറ്റിന്റെ അടിസ്ഥാനത്തിൽ) |
|---|---|---|
| മുന്നിരിപ്പ് | 21654000 | 0 |
| വരവ് | 96550000 | 94142536 |
| ആകെ | 118204000 | 94142536 |
| ചെലവ് | 113984000 | 93890723 |
| നീക്കിയിരിപ്പ് | 4220000 | 251813 |

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം. വിശദമായ ചർച്ചകൾക്ക് വിധേയമാക്കുവാനും ഭേദഗതികൾ നിർദ്ദേശിക്കുവാനുമുള്ള സാവകാശം ലഭിക്കാതെ അവതരിപ്പിച്ച ദിവസം തന്നെ ബ്ലോക്ക് പഞ്ചായത്ത് സാധാരണ യോഗത്തിൽ ബജറ്റ് പാസാക്കിയത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല.

### 1-1-1 ബജറ്റ് ഡോക്യൂമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2021-22സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ (ആർ.ടി) നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 14-07-2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഈയിനങ്ങളിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

2) വാടക രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക വരവുകൾ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

3) എം.ജി.എൻ.ആർ.ജി.എസ്. ഭരണ ചെലവ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ തുകയുടെയും ക്രമീകരിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) ബി9 ഷെഡ്യൂളിലെ ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മൂല്യ വർദ്ധിത നികുതി ഇനത്തിലെ 16711/- രൂപ (785+15926) ഇപ്പോഴും ബാധ്യതയായി തുടരുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

5) ബ്ലോക്ക് പഞ്ചായത്ത് 2021-22ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

6) കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങളുടെ വരവ് ചെലവുകൾ വ്യക്തമായി പരാമർശിക്കുന്ന എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

7) ആസ്തി രജിസ്റ്റർ ഏതു വർഷം വരെ കാലികമാക്കിയിട്ടുണ്ട് എന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8)2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

9) ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

10) വർഷങ്ങളായി നീക്കിയിരിപ്പായി തുടരുന്ന ഫണ്ടിനങ്ങൾ തിരിച്ചടയ്ക്കാതെ ഇപ്പോഴും തുടരുന്ന വിവരം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ( ഉദാഹരണം 320100121 ICDS-₹460429, 320100201- കുടിവെള്ള പദ്ധതി-₹113575) ഈ അപാകം 2021-22 വർഷത്തിലും തുടരുകയാണ്.

11) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവ് പദ്ധതി ചെലവ് പത്രിക പ്രകാരം 4519617/- രൂപയും I6 ഷെഡ്യൂൾ പ്രകാരം 4509611/- രൂപയും ആർ.പി. 31 പ്രകാരം 8113951/- രൂപയും ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക സംബന്ധിച്ചുള്ള അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 8/13.12.2022)

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2874953 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50553008 |
| ആകെ | 53427961 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45857220 |
| നീക്കിയിരിപ്പ് | 7570741 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2543895 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 17805272 | 17805272 | 16385040 | 1420232 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 6578165 | 6578165 | 4707993 | 1870172 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 6885315 | 6885315 | 3584813 | 3300502 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | - | 3265559 + 51951 (പലിശ) | 3317510 | 1783723 | 1533787 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 8985923 | 8985923 | 2735894 | 6250029 |

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവുകൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് എ.സി.ആറോ വ്യക്തമായ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടില്ല. സി.എഫ്.എ.സി. കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. എ.സി.ആർ. പ്രകാരമുള്ള കണക്കാണ് പട്ടികയിലുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 96 | 58023074 | 79 | 31283392 | 8 | 71 | 17 | 74 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 3 | 3 | 2643880 | 2607238 | 98.61 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 16 | 14 | 9420079 | 6363665 | 67.55 |
| മെഡിക്കൽ ഓഫീസർ-സിഎച്ച്സി,അഴീക്കോട് & പാപ്പിനിശ്ശേരി | 18 | 18 | 6907347 | 6235364 | 90.27 |
| പട്ടികജാതി വികസന ഓഫീസർ | 4 | 3 | 2332650 | 2257650 | 96.78 |
| അസിസ്റ്റന്റ് ഡയരക്ടർ(കൃഷി) | 6 | 6 | 2704224 | 1282350 | 47.42 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 4 | 2685000 | 1577500 | 58.13 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 3 | 3400000 | 750000 | 22.06 |
| സൂപ്രണ്ട്,സർക്കാർ വൃദ്ധസദനം | 3 | 2 | 2948457 | 951650 | 32.28 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,എൽ എസ് ജി ഡി. | 5 | 4 | 1099572 | 409847 | 37.27 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 30 | 22 | 23881865 | 8848128 | 37.05 |
| ആകെ | 96 | 79 | 58023074 | 31283392 | 53.92 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള നാല് ഗ്രാമപഞ്ചായത്തുകളിൽ 2021-22 സാമ്പത്തികവർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ കൈവരിച്ച നേട്ടങ്ങളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | ലക്ഷ്യമിട്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | ചെലവ് (ലക്ഷത്തിൽ) | | | | | |
|---|---|---|---|---|---|---|---|---|
| | | | അൺ സ്കിൽഡ് | സ്കിൽഡ്/ സെമി സ്കിൽഡ് | മെറ്റീരിയൽ | ടാക്സ് | ഭരണ ചെലവുകൾ | ആകെ ചെലവുകൾ |
| അഴീക്കോട് | 25369 | 27886 | 82.03 | 7.25 | 33.74 | 0 | 3.52 | 126.54 |
| ചിറക്കൽ | 23200 | 21774 | 63.86 | 7.74 | 18.54 | 0 | 3.98 | 94.12 |
| പാപ്പിനിശ്ശേരി | 26669 | 40414 | 118.42 | 5.95 | 17.59 | 0 | 3.05 | 145.01 |
| വളപട്ടണം | 180 | 261 | 0.76 | 0.8 | 2.92 | 0 | 0 | 4.48 |
| ആകെ | 75418 | 90335 | 265.07 | 21.74 | 72.79 | 0 | 10.55 | 370.15 |

ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അഴീക്കോട്,ചിറക്കൽ,പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുകളിൽ സാമാന്യം ഭേദപ്പെട്ട നിലയിൽ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.എന്നാൽ വളപ്പട്ടണം ഗ്രാമപഞ്ചായത്തിൽ ഫണ്ട് ചെലവഴിച്ചത് വളരെ കുറവാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7 -12 -2022 തീയ്യതിയിൽ 12.30 Pm സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ (സെക്രട്ടറി) സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.വർദ്ധിച്ചുവരുന്ന നിഷ്ക്രിയ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് നിരന്തരം വീഴ്ച വരുത്തിയിട്ടുണ്ട്. സ്ഥായിയായ വരുമാനം ലഭിക്കുന്നതും കാർഷികമേഖലയിലും ആരോഗ്യമേഖലയിലും വലിയ പ്രയോജനം ലഭിക്കുന്നതുമായ പ്രോജക്ടുകളുടെ ഭാഗമായി നിർമ്മിച്ചതും വാങ്ങിയതുമായ ആസ്തികൾ ഒരു രൂപയുടെ പോലും പ്രയോജനം ലഭിക്കാതെ നശിച്ചുപോകുന്നതായി കണ്ടെത്തുകയുണ്ടായി.പ്രവൃത്തി നിർവഹണത്തിലുണ്ടായ ഗുരുതരമായ പിഴവുകൾ യഥാസമയം കണ്ടെത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലും പ്രോജക്ട് മോണിറ്ററിംഗ് നടത്തുന്നതിൽ ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലുമുണ്ടായ വീഴ്ചകളും നിമിത്തം പട്ടികജാതി വിദ്യാർത്ഥിനികൾക്ക് വേണ്ടി പുതുതായി നിർമ്മിച്ച പ്രീമെട്രിക് ഹോസ്റ്റൽ ജീർണ്ണാവസ്ഥയിലാകുകയും പൊളിച്ച് മാറ്റുന്നതിന് സാങ്കേതികവിദഗ്ധർ നിർദ്ദേശം നൽകിയതായും കാണുന്നു.ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിക്ക് ഭൂനികുതി അടവാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.

സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതാണ്.

എ) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ബി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

സി)പ്രോജക്ടുകളുടെ മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തേണ്ടതും പ്രോജക്ട് ഫയലുകളിൽ മോണിറ്ററിംഗ് സംബന്ധിച്ച സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്.

ഡി)അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി വർദ്ധിച്ചുവരുന്ന നിഷ്ക്രിയ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള 2018-2019 സാമ്പത്തികവർഷം വരെയുള്ള കാലയളവിലെ 118 തടസ്സങ്ങൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. 2019-20,2020-21 സാമ്പത്തികവർഷത്തെ പെർഫോമൻസ് ഓഡിറ്റ് 22-04-2021 തീയതിയിൽ പൂർത്തിയായിട്ടുണ്ടെങ്കിലും റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ (2019-20,2020-21- Up To 31-03-2021 ) 15തടസ്സങ്ങളും തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്.

## 1-10 ബ്ലോക്ക് ഗ്രാമസഭ

2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിനു വേണ്ടിയുള്ള ബ്ലോക്ക് തല ഗ്രാമസഭ 9-02-2021 ന് ചേർന്നു. 103 പേർ പങ്കെടുത്തു. 2022-23 വർഷത്തെ പദ്ധതി രൂപീകരണത്തിനായുള്ള ഗ്രാമസഭ 26-05-2022നാണ് ചേർന്നിട്ടുള്ളത്. 77 പേർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. മിനുട്ട്സുകളിൽ തീരുമാനങ്ങൾ, ചർച്ചയുടെ വിശദാംശങ്ങൾ എന്നിവ ചേർത്തതായി കാണുന്നില്ല.

## 1-11 വാടക കുടിശ്ശിക ഈടാക്കിയില്ല- ബ്ലോക്ക് പഞ്ചായത്തിന് വരവ് നഷ്ടം

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റിലെയും,ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മറ്റ് മുറികളുടെയും വാടക ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു

1) അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റ്

| ക്രമ നം | പേര് | വാടക മുറിയുടെ നം. | വാടക | 31.3.22 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | അജിത കെ.പി | 6/block 2 | 2109 | 25240 |
| 2 | ജയശ്രീ സുനിൽ | 1/block 3 | 2227 | 21735 |
| 3 | കൃപ രജീഷ് | 2/block 3 | 2227 | 19314 |
| 4 | കെ.ടി ബേബി | 3/block 3 | 2227 | 44948 |
| 5 | ശാലിനി അനുരുദ്ധൻ | 4/block 3 | 2227 | 56472 |
| 6 | പി സതീന്ദ്രൻ | 1/block 2 | 2101 | 27482 |
| 7 | ശ്രീശൻ | 2/block 2 | 3175 | 64124 |
| ആകെ | | | | 259315 |

2) ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മറ്റ് മുറികളുടെ വാടക

| ക്രമ നം | പേര് | വാടക മുറിയുടെ നം. | വാടക | 31.3.22 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | കാഞ്ഞിരത്താൻ വയൽ അങ്കണവാടി | - | 5800 | 124428 |

വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരവും വാടകയ്ക്ക് നല്കുന്ന കെട്ടിടങ്ങളുടെയും ഒഴിഞ്ഞു കിടക്കുന്നവയുടെയും വിവരങ്ങളും അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ (നം.13/13-12-2022 )ന് നൽകിയ മറുപടിയിൽ ഒരു മുറി മാത്രമാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നത് എന്നും ,വാടക തുകയിൽ 31-3-22 വരെ 383743/- (259315+124428) രൂപ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനുണ്ടായിരുന്നതിൽ 2022-23 വർഷം വരെ 69564/- രൂപ പിരിച്ചെടുത്തിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. .വാടക തുക ഇനത്തിൽ ഈടാക്കാനുള്ള 314179/-എത്രയും വേഗം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമായും വ്യക്തമായും രേഖപ്പെടുത്തലുകൾ വരുത്താത് പരിശോധനയ്ക്ക് തടസമാകുന്നുണ്ട്. രജിസ്റ്ററിൽ കൃത്യമായും വ്യക്തമായും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വർഷാവസാന സംക്ഷിപ്തം രജിസ്റ്ററിന്റെ ഭാഗമാക്കേണ്ടതുമാണ്.

## 1-12 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിലെ തുക ബ്ലോക്ക് പഞ്ചായത്തിന് പൂർണ്ണമായും ലഭിച്ചില്ല.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് പൂർണ്ണമായും ലഭിച്ചിട്ടില്ല .ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമാണിത്. അസി. എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നീ നിർവഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ ഫീ ഇനത്തിൽ 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലെ തുക ലഭിക്കുവാൻ ബാക്കിയുള്ളതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. (ലഭിക്കുവാൻ ബാക്കിയുള്ള തുകയുടെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല) ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിലെ തുക ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 പട്ടികജാതി വിദ്യാർത്ഥിനികൾക്ക് വേണ്ടിയുള്ള പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടനിർമ്മാണത്തിൽ ഗുരുതരമായ പിഴവുകൾ- ജീർണ്ണാവസ്ഥയിലായ ഇരുനില കെട്ടിടം പൊളിച്ചുമാറ്റുന്നതിന് സാങ്കേതികവിദഗ്ധരുടെ നിർദ്ദേശം-14,58,749/-രൂപയുടെ പാഴ് ചെലവ്

കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് 2008-09 വാർഷികപദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടനിർമ്മാണം എന്ന പ്രോജക്ടിന്റെ നിർവഹണത്തിനായി 17-11-2008 തീയതിയിൽ നടന്ന ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനെക്കാളും 10% അധികനിരക്ക് രേഖപ്പെടുത്തിയ ശ്രീ.കെ.ഉണ്ണികൃഷ്ണൻ,പി ഡബ്ല്യു.ഡി കരാറുകാരൻ എന്നവരുമായി നെഗോഷ്യേറ്റ് ചെയ്തത് പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുവാൻ ടിയാൻ തയ്യാറാകുകയും 15-12-2008 തീയതിയിൽ നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിലേർപ്പെടുകയുമുണ്ടായി.റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 17,24,500/-രൂപയാണ്.രണ്ട് നിലകളുള്ള ഹോസ്റ്റൽ കെട്ടിടം (ഗ്രൗണ്ട് ഫ്ലോർ-114.76 M2,ഒന്നാം നില- 114.76 M2 ) പൂർത്തീകരിക്കുന്നതിനാണ് പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത്. കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തീകരണകാലാവധി 31-03-2010 ആയിരുന്നു.പാർട്ട് ബിൽ -1പ്രകാരം 7,21,046/-രൂപ കരാറുകാരന് 2009-2010 സാമ്പത്തികവർഷത്തിൽ അനുവദിച്ച് നൽകി.കരാർ ഉടമ്പടി പ്രകാരം 31-03-2010 തീയതിയിൽ പൂർത്തികരിക്കേണ്ട പ്രവൃത്തി യഥാവിധി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ച് നൽകിയിരുന്നില്ല.ഇക്കാരണത്താൽ കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റീഷന്റെ (WPC.No.1569/2016) അടിസ്ഥാനത്തിൽ കോടതി നിർദ്ദേശപ്രകാരം 01-06-2018 തീയതിയിൽ കരാറുകാരനുമായി ഹിയറിംഗ് നടത്തുകയും 2018ആഗസ്റ്റ് 31 നകം എസ്റ്റിമേറ്റ് പ്രകാരം ചെയ്യുവാനുള്ള പ്രവൃത്തികളും നിലവിലെ പ്രവൃത്തിയിലെ അപാകങ്ങൾ പരിഹരിച്ചുള്ള ജോലികളും പൂർത്തീകരിച്ച് ക്രമപ്പെടുത്തി നൽകാമെന്ന് കരാറുകാരൻ അറിയിച്ചതിന്റെയടിസ്ഥാനത്തിലും ഭരണസമിതിയുടെ തുടർന്നുള്ള നിർദ്ദേശപ്രകാരവും അസി.എൻജിനീയർ വാലുവേഷൻ നടത്തി നിയമപ്രകാരമുള്ള തുക അനുവദിക്കുന്നതിന് അസി.എക്സിക്യൂട്ടീവ് എൻജിനീയർ ശുപാർശ ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ (അസി.എക്സി.എൻജിനീയറുടെ 27-04-2019 തീയതിയിലെ D1/Gen /Val/4/2019 നമ്പർ വാലുവേഷൻ റിപ്പോർട്ട് ) പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ പാർട്ട് ബിൽ പ്രകാരമുള്ള തുകയും പ്രവൃത്തി പൂർത്തീകരിച്ചതിന് കാലതാമസത്തിനുള്ള പിഴയും കഴിച്ച് ബാക്കി തുക6,87,703/-രൂപ പ്രോജക്ട് നമ്പർ 128/21 പ്രകാരം 2020-21 സാമ്പത്തിക വർഷം (സെക്രട്ടറിയുടെ 19-11-2020 തീയതിയിലെ ബി-1635/2008നമ്പർ ഉത്തരവ് ) കരാറുകാരന് അനുവദിച്ചു.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആകെ മൂല്യനിർണ്ണയതുക (വാലുവേഷൻ റിപ്പോർട്ട് പ്രകാരം) | 14,08,749 |
| അനുവദിച്ച പാർട്ട് ബിൽ തുക | 7,21,046 |
| അനുവദിക്കേണ്ട തുക (Gross) | 6,87,703 |
| കിഴിവുകൾ | |
| ആദായനികുതി 1% | 14090 |
| തൊഴിലാളി ക്ഷേമനിധി ബോർഡ് വിഹിതം | 14087 |
| വാറ്റ് 4%,സെസ് 1% | 70437 |
| കാലതമാസത്തിനുള്ള പിഴ | 42262 |
| ആകെ | 140876 |
| കരാറുകാരന് നൽകിയ തുക | 546827 |
| ചെക്ക് നമ്പർ /തീയതി<br>തുക (തനത് ഫണ്ട്) | XY 5838641 തീയതി20-12-2020<br>645441 (6,87,703-42,262 Fine) |
| എം.ബുക്ക് നമ്പർ | 3/2009-10 |

2020-21 സാമ്പത്തികവർഷം പ്രീമെട്രിക് ഹോസ്റ്റൽ പൂർത്തീകരണം,റിനവേഷൻ എന്ന പേരിൽ വികസനഫണ്ട്

(എസ് സി പി) ഫണ്ട് വകയിരുത്തി 15 ലക്ഷം രൂപയുടെ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കുകയും ( SO 54/21 ) ഇ-ടെണ്ടർ മുഖേന കെ.ഇൻഫ്രാടെക്,കൊടുവള്ളി ,എച്ചൂർ എന്ന സ്ഥാപനവുമായി പ്രവൃത്തിയുടെ കരാറിലേർപ്പെടുകയുമുണ്ടായി (കരാർ തുക-1226990.98/-രൂപ,കരാർ നമ്പർ-AE/LSGD/KNR/11/2020-21 തീയതി 29-01-2021).കെട്ടിടം റീ പ്ലാസ്റ്ററിംഗ്,ലീക്ക് പ്രൂഫ് പ്രോട്ടക്ഷൻ എന്നിവ ചെയ്യുന്നതിനും ഫ്ലോർ ടൈൽ പാകുന്നതിനും ആണ് പുതിയ പ്രോജക്ട് പ്രകാരമുള്ള എസ്റ്റിമേറ്റ് വിഭാവനം ചെയ്തിരുന്നത്.

കെട്ടിടം നവീകരിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിലെ ചുമരുകൾ,റൂഫിംഗ് എന്നിവയുടെ പ്ലാസ്റ്ററിംഗ് നീക്കം ചെയ്തപ്പോൾ റൂഫ് സ്ലാബിന്റെ Reinforcement അടക്കം താഴെ കാണുന്ന നിലയിലും Reinforcement Rust എടുത്ത നിലയിലും കണ്ടതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തി ചെയ്താൽ നിലവിലെ സാഹചര്യത്തിൽ കെട്ടിടം ഉപയോഗയോഗ്യമാകുമോയെന്ന എൽ എസ് ജി ഡി എൻജിനീയറിംഗ് വിഭാഗത്തിന്റെ സംശയത്തിന്റയടിസ്ഥാനത്തിൽ കെട്ടിടം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക പരിശോധന നടത്തുന്നതിന് കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 15-03-2021 തീയതിയിലെ ബി പി സി 85/2020-21(2) നമ്പർ തീരുമാനപ്രകാരം കണ്ണൂർ ഗവ.എൻജിനീയറിംഗ് കോളേജിനോട് അപേക്ഷിക്കുകയും (അസി.എക്സി.എൻജിനീയറുടെ കത്ത് നം.ഡി 1/ജനറൽ/2020-21 തീയതി 26-05-2021) സാങ്കേതിക പരിശോധന നടത്തുന്നതിനുള്ള ഫീസിനത്തിൽ 2021-22 സാമ്പത്തിക വർഷം 50,000/-രൂപ (വൗച്ചർ Nil കാഷ് ബുക്ക് പേജ്-50 തീയതി 25-01-2022,വികസനഫണ്ട്-എസ് സി പി ,പ്രോജക്ട് നമ്പർ -SO 84/22) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ,ഗവ.എൻജിനീയറിംഗ് കോളേജ്,കണ്ണൂരിന് അനുവദിക്കുകയും ചെയ്തു.

കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായുള്ള കോൺക്രീറ്റ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ കടൽ പൂഴി ഉപയോഗിച്ച് നടത്തിയതിനാലും നിഷ്കർഷിക്കപ്പെട്ട സാങ്കേതികത പാലിക്കാത്തതും കാരണം കെട്ടിടത്തിലെ പ്ലാസ്റ്ററിംഗ് അടർന്ന് വീണ് കമ്പികൾ പുറത്ത് കാണുകയും ഇതു കാരണം റൂഫിലെ കമ്പികൾ മുഴവൻ തുരുമ്പെടുത്ത് നശിച്ച വരികയാണെന്നും ആയതിനാൽ തന്നെ കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നും താമസയോഗ്യമല്ലെന്നും അതു കൊണ്ട് കെട്ടിടം എത്രയും വേഗം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുകയാണ് ഉചിതമെന്നും ഗവ.എൻജിനീയറിംഗ് കോളേജിലെ വിദഗ്ദർ 29-04-2022 തീയതിയിൽ നൽകിയ പരിശോധന റിപ്പോർട്ടിൽ (നം.CCE/C/22/2021-22/001 തീയതി 29/04/2022) ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി.തുടർന്ന് കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 11-07-2022തീയതിയിലെ ബി പി സി 274/22-23(1) നമ്പർ തീരുമാനപ്രകാരം അഴീക്കോട് പ്രീമെട്രിക് ഹോസ്റ്റൽ പൊളിച്ചുകളയുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും തീരുമാനിക്കുകയും ആയതിന്റെ സർവെ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് എൽ എസ് ജി ഡി വിഭാഗത്തിനെ ചുമതലപ്പെടുത്തുകയുണ്ടായി.പ്രവൃത്തി നിർവഹണത്തിലെ ഗുരുതരമായ പിഴവ് മൂലം കരാറുകാരന് നൽകിയ തുകയും (14,08,749/-രൂപ) സാങ്കേതിക പരിശോധന നടത്തുന്നതിന് ഗവ.എൻജിനീയറിംഗ് കോളേജിന് അനുവദിച്ച 50,000/-രൂപയും ഉൾപ്പെടെ പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടനിർമ്മാണത്തിനായി ചെലവഴിച്ച 14,58,749/-രൂപ പാഴ് ചെലവായി മാറി.



നിർമ്മാണപ്രവൃത്തിയിലെ ഗുരുതരമായ വീഴ്ചകൾ കാരണം അഴീക്കോട് പട്ടികജാതി പ്രീമെട്രിക് ഗേൾസ് ഹോസ്റ്റലിന് വേണ്ടി കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച പുതിയ കെട്ടിടം ജീർണ്ണാവസ്ഥയിലായ നിലയിൽ.

<u>പുതിയ കെട്ടിടം നിർമ്മാണവും പഴയ കെട്ടിടം പൊളിച്ചുമാറ്റലും -ബ്ലോക്ക് പഞ്ചായത്തിന് 43.58 ലക്ഷം രൂപയുടെ അധിക സാമ്പത്തികബാധ്യത .</u>

പുതിയ കെട്ടിടനിർമ്മാണത്തിന് 38,01,000/-രൂപയും പൊളിച്ച് മാറ്റുന്നതിന് 5,57,723/-രൂപയും ചെലവഴിക്കേണ്ടിവരുമെന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശപ്രകാരം എൽ എസ് ജി ഡി

എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ സർവെ റിപ്പോർട്ട് വ്യക്തമാക്കുന്നു. നിലവിലുണ്ടായിരുന്ന ഇരുനില കെട്ടിടം താമസയോഗ്യമല്ലാത്തതിനാൽ പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ നേരത്തെ ചെലവഴിച്ച 14,58,749/-രൂപ പാഴ് ചെലവായി മാറിയെന്ന് മാത്രമല്ല,പുതിയ കെട്ടിടനിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിന് 43.58 ലക്ഷം രൂപയോ അതിന് മുകളിലോ അധിക സാമ്പത്തികബാധ്യതയുണ്ടാകുവാനിടയുള്ളതായും കാണുന്നു.

പ്രവൃത്തി പൂർത്തീകരണം വൈകിയതിനുള്ള പിഴയിൽ കരാറുകാരന് ഇളവ് നൽകിയത് .

കരാർ പ്രകാരം 31-03-2010 തീയതിയിലാണ് പ്രവൃത്തി നിർവഹണം പൂർത്തീകരിക്കേണ്ടിയിരുന്നത്.എന്നാൽ പ്രസ്തുത തീയതിയിലും പിഴയില്ലാതെ അനുവദിക്കാവുന്ന തീയതിയിലും (04-07-2010) നിർവഹണം പൂർത്തീയാക്കാത്ത സാഹചര്യത്തിൽ 15-06-2011 തീയതിയിലെ ഭരണസമിതി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പൂർത്തീകരണകാലാവധി 14-12-2011 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.എന്നാൽ നിശ്ചിത സമയത്തിനുള്ളിലും കരാറുകാരന് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാത്ത ആദ്യത്തെ മൂന്ന് മാസത്തിന് 1% നിരക്കിലും തുടർന്ന് 14-12-2011 തീയതി വരെയുള്ള കാലയളവിൽ ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും ആകെ എഗ്രിമെന്റ് തുകയുടെ 11% ആയ 189695/-രൂപ പിഴ കണക്കാക്കിയിരുന്നുവെങ്കിലും 42262/-രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.പ്രവൃത്തി പൂർത്തീകരണത്തിലും നിർവഹണത്തിലും ഗുരുതരമായ വീഴ്ച വരുത്തിയ കരാറുകാരന് പിഴയിനത്തിൽ 147433/-രൂപ ഇളവ് ചെയ്ത് നൽകിയത് ക്രമപ്രകാരമല്ല.

പ്രവൃത്തി നിർവഹണത്തിലുണ്ടായ ഗുരുതരമായ പിഴവുകൾ യഥാസമയം കണ്ടെത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലും പ്രോജക്ട് മോണിറ്ററിംഗ് നടത്തുന്നതിൽ ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലുമുണ്ടായ വീഴ്ചകളുമാണ് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ഒരു രൂപയുടെ പോലും പ്രയോജനം ലഭിക്കാതെ ഇത്തരത്തിലുള്ള നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിനിടയാക്കിയതും പിന്നീട് ജീർണ്ണാവസ്ഥയിലെത്തി പാഴ് ചെലവായി മാറി തദ്ദേശഭരണസ്ഥാപനത്തിന് അധിക സാമ്പത്തികബാധ്യതയുണ്ടാക്കിയതെന്നും വ്യക്തമാണ്.

പട്ടികജാതി വിദ്യാർത്ഥിനികൾക്ക് വേണ്ടിയുള്ള പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (7/13-12-2022) ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചു.

## 1-14 നിഷ്ക്രിയ ആസ്തികൾ വർദ്ധിച്ചുവരുന്നു-പുനരുജ്ജീവന നടപടികൾ സ്വീകരിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് ഗുരുതര വീഴ്ച.

വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിന്റെ ഭാഗമായി നിർമ്മിച്ചതും വാങ്ങിയതുമായ നിരവധി ആസ്തികൾ പ്രോജക്ട് ലക്ഷ്യമിട്ടത് പ്രകാരമുള്ള നിർദ്ദിഷ്ട ആവശ്യത്തിന് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് ഗുരുതരമായ വീഴ്ചയുണ്ടായതായി പരിശോധനയിൽ കണ്ടെത്തി. സ്ഥായിയായ വരുമാനം ലഭിക്കുന്നതും കാർഷികമേഖലയിലും ആരോഗ്യമേഖലയിലും വലിയ പ്രയോജനം ലഭിക്കുന്നതുമായ പ്രോജക്ടുകളുടെ ഭാഗമായി നിർമ്മിച്ചതും വാങ്ങിയതുമായ ആസ്തികൾ ഒരു രൂപയുടെ പോലും പ്രയോജനം ലഭിക്കാതെ നശിച്ചുപോകുന്നതായി കണ്ടെത്തുകയുണ്ടായി. ആസ്തിപരിപാലനവുമായി ബന്ധപ്പെട്ട് സൈറ്റ് പ്രദേശത്ത് നടത്തിയ പ്രാദേശികപരിശോധനയിൽ കണ്ടെത്തിയ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച വാങ്ങിയ ആസ്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വസ്തുതകൾ ചുവടെ കൊടുക്കുന്നു.

1.ബ്ലോക്ക് പഞ്ചായത്ത് കൃഷിഫാമിന് വേണ്ടി വാങ്ങിയ സ്ഥലം കാട് മൂടി കിടക്കുന്നു.79,45,786/- രൂപ ചെലവഴിച്ചിട്ടും ഒരു രൂപയുടെ പോലും പ്രയോജനം ലഭിച്ചില്ല.

ശ്രീ. സി.എച്ച്. മുഹമ്മദ് കുഞ്ഞി എന്നവരുടെ പേരിലുള്ള ചിറക്കൽ അംശം പുഴാതി ദേശത്തേ സർവ്വെ നം. 38/4 ൽപ്പെട്ട 63 ½ സെന്റ് തോട്ടം എന്ന സ്ഥലവും ശ്രീ. കണ്ണുകാരത്തി നിയാദ്, റിഷാദ് എന്നവരുടെ പേരിലുള്ള ചിറക്കൽ അംശം പുഴാതി ദേശത്തെ സർവ്വെ നം.38/4 ൽപ്പെട്ട 1.07 ഏക്കർ കൈപ്പാട് നിലവും ബ്ലോക്ക് പഞ്ചായത്ത് കൃഷിഫാമിന് വേണ്ടി 2017-18 സാമ്പത്തികവർഷത്തിൽ ₹ 56,26,570 ചെലവഴിച്ച് വാങ്ങി.ഡാറ്റാ ബാങ്കിലുൾപ്പെടുന്ന സ്ഥലം അനുയോജ്യതസാക്ഷ്യപത്രമില്ലാതെയാണ് വാങ്ങിയത്.2019-20 സാമ്പത്തികവർഷം 20,94,153/-രൂപ ചെലവഴിച്ച് കോമ്പൗണ്ട് വാളും 2,55,063/- രൂപ ചെലവഴിച്ച് പമ്പ് ഹൗസും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കിണർ നിർമ്മിച്ചിട്ടില്ല.ടാങ്ക്,മോട്ടോർ എന്നിവ സ്ഥാപിച്ചിട്ടില്ല.സ്ഥലം നിലവിൽ കാട് മൂടി കിടക്കുകയാണ്.പ്രസ്തുത പ്രദേശത്തേക്ക് നിലവിൽ റോഡ് സൗകര്യവും ലഭ്യമായിട്ടില്ല.79,45,786/- രൂപ പ്രോജക്ടിന് വേണ്ടി ചെലവഴിച്ചുവെങ്കിലും ഒരു രൂപയുടെ പ്രയോജനം പോലും പ്രസ്തുത പ്രോജക്ട് മുഖേന ഇതുവരെ ജനങ്ങൾക്ക് ലഭിച്ചിട്ടില്ല.



ബ്ലോക്ക് പഞ്ചായത്ത് ഫാമിന് വേണ്ടി വാങ്ങിയ സ്ഥലം കാട്ടുമൂടി കിടക്കുന്ന നിലയിൽ.



ഫാമിന് വേണ്ടി നിർമ്മിച്ച പമ്പ് ഹൗസ് .

2.അഴീക്കോട് സി എച്ച് സി യിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ജനറേറ്റർ ഉൾപ്പെടെയുള്ള ആവശ്യമായ എല്ലാ ഉപകരണങ്ങളും വാങ്ങി.ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല.

നിലവിൽ ജനറേറ്റർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ജനറേറ്റർ വാങ്ങിയതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല.മുൻവർഷങ്ങളിലെ പ്രോജക്ടുകളിൽ ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമായ RO പ്ലാന്റ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഭൂരിഭാഗവും വാങ്ങിയിട്ടുണ്ട്. ഡയാലിസിസിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിലും മറ്റ് മുറികളിലുമായി ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ കൂട്ടിയിട്ട നിലയിൽ കിടക്കുന്നതായി കണ്ടെത്തി. ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും സർക്കാർ അനുമതി ഇതുവരെ ലഭ്യമായിട്ടില്ല.

3.അഴീക്കോട് സർക്കാർ വൃദ്ധസദനത്തിലേക്ക് ജനറേറ്റർ വാങ്ങൽ-ജനറേറ്റർ പ്രവർത്തനക്ഷമമാക്കിയില്ല.

ജനറേറ്റർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി ഇതുവരെയായും ലഭിച്ചിട്ടില്ല.

4.അഴീക്കോട് പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്) കെട്ടിടം-പുതിയ കെട്ടിടം ജീർണ്ണാവസ്ഥയിലും അപകടകരമായ നിലയിലും.

നിലവിലുള്ള പ്രീമെട്രിക് ഹോസ്റ്റലിന് ചേർന്ന് തന്നെ നിർമ്മിച്ച പുതിയ കെട്ടിടം ജീർണ്ണാവസ്ഥയിലായിട്ടുണ്ട്.പ്രസ്തുത കെട്ടിടം നിലവിലുള്ള ഹോസ്റ്റലിന് അപകട ഭീഷണിയുയർത്തുന്ന രീതിയിൽ കാണപ്പെട്ടു.

5.ഗ്രാമീണജനങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വില്ലേജ് ഹട്ട്- ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ തമ്മിലുള്ള ഉടമസ്ഥാവകാശ തർക്കം പരിഹരിക്കാതെ നിൽക്കുന്നു.ലക്ഷക്കണക്കിന് രൂപയുടെ വരുമാനനഷ്ടം.

അഴീക്കോട് ഗ്രാമപഞ്ചായത്തിലെ കല്ലടത്തോട് എന്ന സ്ഥലത്ത് പി ഡബ്ല്യു ഡി റോഡരികിൽ തന്നെയായി 43,55,472/-രൂപ മുടക്കി നിർമ്മിച്ച 19 മുറികളുള്ള വില്ലേജ് ഹട്ട് കെട്ടിടം 16-06-2012 തീയതിയിൽ ഉദ്ഘാടനം നടത്തിയെങ്കിലും ഇതുവരെ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ പത്ത് വർഷമായി തർക്കം പരിഹരിക്കാതെ വന്നതിനാൽ നിലവിലും ഒരു മുറി പോലും പ്രയോജനപ്പെടുത്തുവാൻ സാധിക്കാതെ വെറുതെ കിടക്കുന്നു.അഴീക്കോട് ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 9,72,993/-രൂപയുടെ

മെയിനന്റൻസ് പ്രവൃത്തികൾ നടത്തിയിട്ടുള്ളതായും കാണവാൻ സാധിച്ചു. അഴീക്കോട് ഗ്രാമപഞ്ചായത്തിന് പ്രസ്തുത കെട്ടിടത്തിലെ മുറികൾ പൂർണ്ണമായും കൈമാറുന്നതിനായി സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.കഴിഞ്ഞ പത്ത് വർഷമായി ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ തമ്മിൽ നിലനിൽക്കുന്ന തർക്കം കാരണം മുറി വാടകക്ക് നൽകിയാൽ ലഭ്യമാകുമായിരുന്ന ലക്ഷക്കണക്കിന് രൂപയാണ് നഷ്ടമായിക്കൊണ്ടിരിക്കുന്നത്.



പത്ത് വർഷത്തിലധികമായി നിഷ്ക്രിയമായി കിടക്കുന്ന 19 മുറികളുള്ള വില്ലേജ് ഹട്ട് കെട്ടിടം.

നിഷ്ക്രിയമായ മേൽ സൂചിപ്പിച്ച ആസ്തികൾക്ക് പുറമെ ഉപയോഗശൂന്യമായ ടാക്ടർ (ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്), കമ്പ്യൂട്ടർ ഉപകരണങ്ങൾ,മറ്റ് സാധന സാമഗ്രികൾ എന്നിവയും ലേലം ചെയ്ത് കൈയൊഴിയുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

നിഷ്ക്രിയ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഉപയോഗശൂന്യമായ ആസ്തികൾ ലേലം ചെയ്യുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 സംയുക്ത പ്രോജക്ടുകളുടെ നിർവഹണം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

2021-22 വർഷം കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ നിർവഹണത്തിന്റെ ഭാഗമായി കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ₹ | ചെലവഴിച്ച തുക | സ്ഥാപനങ്ങൾക്ക് കൈമാറിയതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയുള്ളത് | ബിൽ/വൗച്ചർ നമ്പർ, തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം/ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|---|
| 1 | S0001/22 | ലൈഫ് സമ്പൂർണ്ണ ഭവന സുരക്ഷാ പദ്ധതി (പി.എം.എ.വൈ പദ്ധതിയുടെ അധിക വിഹിതം ഉൾപ്പെടെ) ജനറൽ | ₹6256709 (₹3520709- വികസന ഫണ്ട് ₹336000- തനത് ഫണ്ട് ₹2400000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 3632000 | ₹2375000 (₹790000 വിനിയോഗ സാക്ഷ്യപതം ലഭിച്ചിട്ടില്ല) | 21/13-12-21 | സെക്രട്ടറി, ചിറക്കൽ ഗ്രാമ പഞ്ചായത്ത് |
| | | | | | ₹467000 | 23/23-12-21 | സെക്രട്ടറി, അഴീക്കോട് ഗ്രാമ പഞ്ചായത്ത് |
| 2 | S0079/22 | അഗതിരഹിത കേരളം പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹150000 വികസന ഫണ്ട് ജനറൽ | ₹135063 | ₹85063 | 22/20-12-21 | സെക്രട്ടറി, പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | S0060/22 | പാപ്പിനിശ്ശേരി വേളാപുരം മാതൃക അംഗനവാടിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹330000 (₹325000- ധനകാര്യ കമ്മീഷൻ അവാർഡ്, ₹5000– തനത് ഫണ്ട് | 330000 | ₹330000 | 166/15-02-22 & ചെക്ക് നമ്പർ- XY5943984/ 18-2-22 | സെക്രട്ടറി, പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് |
| 4 | S0004/22 | ഐ.കെ.എം. പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹40000 (വികസന ഫണ്ട്) | ₹31231 | ₹31231 | 4/19-7-21 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (4/12.12.2022) മറുപടിയിൽ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്തയച്ചിട്ടുണ്ടെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 അഴീക്കോട് സി.എച്ച്.സിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല. ഉപകരണങ്ങൾ വാങ്ങിയ ചെലവ് തുക 852305 രൂപ തടസപ്പെടുത്തുന്നു.

അഴീക്കോട് സി.എച്ച്.സിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ ചെലവ് തുകകൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തടസപ്പെടുത്തിയിരുന്നു. (ഖണ്ഡിക 1-37) ഇപ്പോഴും ഡയാലിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.എന്നാൽ 2021-22 വർഷത്തിലും ഡയാലിസിസ് യൂണിറ്റുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ജനറേറ്റർ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, അഴീക്കോട് സി.എച്ച്.സി |
| പ്രോജക്ട് നമ്പർ | 41/22 |
| പ്രോജക്ടിന്റെ പേര് | അഴീക്കോട് സി.എച്ച്.സിയിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ജനറേറ്റർ വാങ്ങൽ |
| അടങ്കൽ | ₹8,20000 (₹600000 ധനകാര്യ കമ്മീഷൻ അവാർഡ്, ₹220000- തനത് ഫണ്ട) |
| ചെലവഴിച്ച തുക | ₹789060 (₹600000 ധനകാര്യ കമ്മീഷൻ അവാർഡ്, ₹189060- തനത് ഫണ്ട്) |
| ബിൽ നമ്പർ നമ്പർ/ ചെക്ക് നമ്പർ ,തുക | (1)200/18-03-22/₹600000<br>(2) 5943997/31-03-2022/₹189060 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് അഴീക്കോട് സി.എച്ച്.സിയിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ജനറേറ്റർ വാങ്ങുന്നതിനായി കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന് 789060 രൂപ കൈമാറി. 2022-23 വർഷത്തിലാണ് ജനറേറ്ററിന്റെ ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരിച്ച് നിർവഹണം നടത്തിയിട്ടുള്ളത്. ജനറേറ്റർ, ഡയാലിസിസ് യൂണിറ്റിനായി നിർമ്മിച്ച കെട്ടിടത്തിന് സമീപം സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തതിനാൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല.

2) ബയോ കാർബണേറ്റ് മിക്സർ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, അഴീക്കോട് സി.എച്ച്.സി |
| പ്രോജക്ട് നമ്പർ | 74/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അഴീക്കോട് സി.എച്ച്.സിയിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമായ ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങൽ (ജനറൽ) |
| അടങ്കൽ | ₹ 443118 (വികസന ഫണ്ട് ₹379107, തനത്-₹64011) |
| ചെലവഴിച്ച തുക | ₹63245 വികസന ഫണ്ട് |
| ബിൽ നമ്പർ തീയതി | 30/4-2-2022 |

മേൽ സൂചിപ്പിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് ബയോ കാർബണേറ്റ് മിക്സർ വാങ്ങുന്നതിന് 63,245/-രൂപ മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറി. എന്നാൽ ഇതേ വരെ ഉപകരണം ലഭിച്ചിട്ടില്ല.
മുൻ വർഷങ്ങളിൽ ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ഭൂരിഭാഗവും വാങ്ങിയിട്ടുണ്ട്. ഡയാലിസിസിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിലും മറ്റ് മുറികളിലുമായി ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ കൂട്ടിയിട്ട നിലയിൽ കിടക്കുന്നതായി സ്ഥല പരിശോധനയിൽ കാണുകയുണ്ടായി. ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും സർക്കാർ അനുമതി ഇതേ വരെ ലഭ്യമായിട്ടില്ല.

ഡയാലിസിസ് യൂണിറ്റ് ഇതേ വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലും ബയോ മിക്സർ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിലും ചെലവ് തുകയായ ₹852305 (789060+ 63,245) ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

### 1-17 പാപ്പിനിശ്ശേരി സി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ- അഡ്വാൻസായി തുക നൽകിയിട്ടും മരുന്നുകൾപൂർണ്ണമായും ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പാപ്പിനിശ്ശേരി സി.എച്ച്.സി |
| പ്രോജക്ട് നമ്പർ | S0027/22 |
| പ്രോജക്ടിന്റെ പേര് | പാപ്പിനിശ്ശേരി സി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 500000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവഴിച്ച തുക | ₹500000 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി രണ്ടു തവണയായി 500000 രൂപ കൈമാറിയെങ്കിലും മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ഇതേ വരെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ തീയ്യതി,തുക | ലഭ്യമായ മരുന്നുകളുടെ ഇൻവോയ്സ് നമ്പർ, തീയ്യതി, തുക | ലഭിക്കേണ്ട മരുന്നുകളുടെ വില |
|---|---|---|---|
| 1 | 6/27-7-21/ ₹412845 | 5206/14-08-21/₹7781 | ₹121515 |
| | | 7271/13-10-21/₹179759 | |
| | | 14179/1-3-22/₹103790 | |
| 2 | 8/26-8-21/₹87155 | 10942/7-1-22/₹3301 | ₹23055 |
| | | 453/18-4-22/₹60123 | |
| | | 14174/18-10-22/₹676 | |
| ആകെ | 500000 | ₹355430 | ₹144570 |

മരുന്നുകൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കേണ്ടതാണ്.

## 1-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയം നടത്താതെ തുക അനുവദിച്ചു. 6,00,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | S0038/22 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹8,00,000 വികസന ഫണ്ട്, എസ്.സി.പി |
| ചെലവഴിച്ച തുക | ₹8,00,000 |

മേൽ സൂചിപ്പിച്ച പദ്ധതിയുമായി ബന്ധപ്പെട്ട്, അസിസ്റ്റന്റ് എൻജിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യ പത്രം ഇല്ലാതെ ഗുണഭോക്താക്കൾക്ക് രണ്ടും മൂന്നും ഗഡു ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ അനുവദിച്ചതുക | മൂല്യ നിർണ്ണയ സാക്ഷ്യ പത്രം ഇല്ലാതെ അനുവദിച്ച ഗഡുക്കൾ | ബിൽ നമ്പർ , തുക |
|---|---|---|---|---|
| 1 | വിജയൻ പി | 200000 | II-100000<br>III-50000 | 8/8-3-22/300000 (മാന്വൽ ബിൽ ബുക്ക് പ്രകാരം)<br>243/30-3-22/200000 (എ.സി.ആർ പ്രകാരം) |
| 2 | തച്ചൻ സജീവൻ | 200000 | II-100000<br>III-50000 | 8/8.3.22/3,00,000<br>243/30.3.22/2,00,000 |
| 3 | സുധാകരൻ കെ | 200000 | II-100000<br>III-50000 | 8/8.3.22/3,00,000<br>243/30.3.22 |
| 4 | രമേശൻ എ | 200000 | II-100000<br>III-50,000 | 192/12-3-22/1,00,000 (എ.സി.ആർ പ്രകാരം)<br>243/30.3.22/2,00,000 |

സ.ഉ. (കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ തീയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ രേഖയുടെ ഖണ്ഡിക 7.2.17 അനുസരിച്ച് 50,000 രൂപ അഡ്വാൻസ് നൽകാമെങ്കിലും തുടർന്നുള്ള ഗഡുക്കൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കേണ്ടത്. എന്നാൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് മൂല്യ നിർണ്ണയ സാക്ഷ്യ പത്രം ഇല്ലാതെ ധനസഹായം പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-10/13-12-2022) പഠന മുറിയുടെ വാർപ്പ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിലാണ് തുകകൾ അനുവദിച്ച് നൽകിയതെന്നും വാലുവേഷന് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നുവെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നുമാണ് അറിയിച്ചത്. മൂല്യ നിർണ്ണയം നടത്താതെ തുടർ ഗഡുക്കൾ അനുവദിച്ച നടപടി പദ്ധതി മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് അറിയിച്ചത്. മൂല്യ നിർണ്ണയ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ 6,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-19 പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-സാക്ഷ്യ പത്രങ്ങൾ ലഭ്യമല്ല. 265000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | S0033/22 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | ₹1432650 വികസന ഫണ്ട്, എസ്.സി.പി |
| ചെലവഴിച്ച തുക | ₹1432650 |

മേൽ സൂചിപ്പിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് ആനുകൂല്യം അനുവദിച്ച ചില ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സാക്ഷ്യ പത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ , തുക |
|---|---|---|---|
| 1 | സങ്കീർത്തന എം | 25000 | 1/1-9-21/₹645000 |
| 2 | അർച്ചന എ. | 15000 | ടി |
| 3 | പ്രിയങ്ക വേണു സി.എച്ച് | 15000 | ടി |
| 4 | ദേവിക കെ | 20000 | ടി |
| 5 | ശ്രീലക്ഷ്മി | 20000 | ടി |
| 6 | അപന്യ സി | 30,000 | 2/1-9-2021/1,20,000 |
| 7 | ഹരിത കെ | 30000 | 4/5-11-21/505000 |
| 8 | നന്ദന സുബ്രഹ്മണ്യൻ | 30000 | ടി |
| 9 | പ്രന്യ വേണു സി.എച്ച്. | 5000 | ടി |
| 10 | അശ്വതി വി.കെ | 20000 | ടി |
| 11 | അനുഗ്രഹ സന്തോഷ് | 20000 | ടി |
| 12 | സങ്കീർത്തന ആർ.കെ | 20000 | ടി |
| 13 | അക്ഷയ് സ്വാമി കെ. | 15000 | 11/30-03-2022/45648 |
| ആകെ | | 265000 | |

പ്രിയങ്ക വേണു സി.എച്ച് എന്ന ഗുണഭോക്താവിന്റെ അപേക്ഷയും മറ്റ് അനുബന്ധ രേഖകളും ലഭ്യമായി കാണുന്നില്ല. പ്രന്യ വേണു സി.എച്ച്. എന്ന ഗുണഭോക്താവിന്റെ സ്കോളർഷിപ്പ് തുക 5000 രൂപയായി നിജപ്പെടുത്തിയതിന്റെ കാരണവും ലഭ്യമല്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-9/13-12-22)നിർവഹണ ഉദ്യോഗസ്ഥ വ്യക്തമായ മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 265000 രൂപ തടസപ്പെടുത്തുന്നു.

## 1-20 വൃദ്ധ മന്ദിരത്തിലേക്ക് ജനറേറ്റർ വാങ്ങിയത്-പ്രവർത്തന ക്ഷമമായിട്ടില്ല. ചെലവ് തുക 826590 തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്,<br>ഗവൺമെന്റ് വൃദ്ധ മന്ദിരം |
| പ്രോജക്ട് നമ്പർ | 73/22 |
| പ്രോജക്ടിന്റെ പേര് | വൃദ്ധ മന്ദിരത്തിലെ ലാട്രിൻ വേസ്റ്റ് ബയോ ഗ്യാസ് പ്ലാന്റ് വാർഷിക മെയിന്റനൻസും ജനറേറ്റർ വാങ്ങലും |
| അടങ്കൽ | 847203 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവഴിച്ച തുക | 826590 |
| ബിൽ നമ്പർ നമ്പർ/ തുക | 236/26-03-2022 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് വയോജന മന്ദിരത്തിലേക്ക് ജനറേറ്റർ വാങ്ങുന്നതിനായി കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന് 826590 രൂപ കൈമാറി. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) ജനറേറ്റർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിലും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി ലഭിക്കാത്തതിനാൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല.

2) പ്രസ്തുത വാങ്ങൽ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

3) പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. ഫൗണ്ടേഷൻ വർക്ക്, റൂഫിംഗ് എന്നീ പ്രവൃത്തികൾ കൂടി നിർവഹിച്ചതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജനറേറ്റർ സ്ഥാപിച്ച പ്രവൃത്തി എന്ന നിലയിൽ സ്ഥാപനത്തിൽ നിന്നും 2% ആദായ നികുതി ഈടാക്കാതിരുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

ജനറേറ്റർ സ്ഥാപിച്ച പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 8,26,590 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-21 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ബ്ലോക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സി ഡി പി ഒ

പ്രൊജക്ടിന്റെ പേര് : ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ബ്ലോക്ക് വിഹിതം നൽകൽ

പ്രൊജക്ട് നമ്പർ - 8/21-22

അടങ്കൽ തുക : ₹2254600/- വികസന ഫണ്ട്(പൊതുവിഭാഗം-സാധാരണവിഹിതം)

ചെലവ് തുക: ₹ 2225000/- വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണവിഹിതം)

മേൽ പദ്ധതി പ്രകാരം ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുവേണ്ടി ഒരോ ഗ്രാമപഞ്ചായത്തിനും താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തുകൾ തുക ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല . വിശദവിവരം ചുവടെ

| ബിൽ നമ്പർ/തീയ്യതി : | ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക | ഗ്രാമപഞ്ചായത്ത് വിനിയോഗ സാക്ഷ്യപതം ഹാജരാക്കേണ്ട |
|---|---|---|---|

| | | | |
|---|---|---|---|
| | | | തുകയുടെ വിവരം |
| 4/4-12-21 | വളപട്ടണം ഗ്രാമ പഞ്ചായത്ത് | 1,50,000 | 1,50,000 |
| 4/4-12-21 | അഴീക്കോട് ഗ്രാമ പഞ്ചായത്ത് | 6,00,000 | 4,81,650 |
| 5/15-12-21 | ചിറക്കൽ ഗ്രാമ പഞ്ചായത്ത് | 7,75,000 | 5,12,500 |
| 6/ 15-12-21 | പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | 7,00,000 | 4,81,650 |
| ആകെ | | 22,25,000 | 16,25,800 |

ആയത് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നമ്പർ (നം.1/13-12-2022) മേൽ പറഞ്ഞ പഞ്ചായത്തുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ഹാജരാക്കിയത് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ബ്ലോക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 11/22 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ. |
| അടങ്കൽ | ₹500000/-വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക ,ബിൽ നം/തീയതി (ACR പ്രകാരമുള്ളത്) | ₹300000, 125/23.12.21<br>₹100000, 155/2-2 .22<br>₹ 100000, 144/24 .01.22 |

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 3 ഗ്രാമപഞ്ചായത്തുകൾക്ക് ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിനു വേണ്ടി താഴെപറയും വിധം തുക നൽകിയിട്ടുണ്ട്.

പാപ്പിനിശേരി -₹ 300000/-

ചിറക്കൽ - ₹ 100000/-

അഴീക്കോട് -₹ 100000/-

എന്നാൽ മേൽ പഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം (നം.6/13-12-2022) നൽകിയതിന് മേൽ പറഞ്ഞ പഞ്ചായത്തുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ഹാജരാക്കിയത് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾ -നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

8-11-2010ലെ ജി.ഒ.(പി)നമ്പർ259/2010/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ, 2013ലെ സ്റ്റോർ പർച്ചേസ് മാനുവൽ (ജി.ഒ. (പി) നമ്പർ 03/2013/എസ്.പി.ഡി), കേരള ഫിനാൻഷ്യൽ കോഡ്, കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ , സർക്കുലറുകൾ എന്നിവയിലെ മാർഗ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാങ്ങലുകൾ

നടത്തേണ്ടത്. വാങ്ങലുകൾ ലാഭകരവും ഗുണമേന്മയുള്ളതും സുതാര്യവും ആകുന്നതിന വേണ്ടി മേൽ സൂചിപ്പിച്ച മാർഗരേഖയിലും മാനവലിലും വ്യക്തമായ മാർഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പർച്ചേസ് നടപടി ക്രമങ്ങൾ പാലിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്ന് വ്യക്തമാകുന്നു.ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോക്യൂർമെന്റ് കമ്മറ്റി വാങ്ങലുകൾക്ക് അംഗീകാരം നൽകുന്നില്ല.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റി 04-02-2019ന് ശേഷം യോഗം ചേർന്നിട്ടില്ല. 2021-22 വർഷം വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങലുകൾ സംബന്ധിച്ച് കമ്മറ്റി ചർച്ച ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

2) സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ പദ്ധതി ആരംഭിക്കുകയും ചെയ്യണമെന്ന് മേൽ സൂചിപ്പിച്ച പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാർഗ രേഖയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരത്തിൽ സമാഹരണ പദ്ധതിക്ക് രൂപം നൽകിയിട്ടില്ല.

3) വാങ്ങലുകൾ സംബന്ധിച്ച് ഏകീകൃതമായ വിശദാംശങ്ങൾ ലഭ്യമല്ല

2021-22 വർഷത്തിൽ വിവിധ ഇനങ്ങളിലുള്ള വാങ്ങലുകളുടെ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥർ എത്ര തുക ചെലവഴിച്ചുവെന്നത് സംബന്ധിച്ച് ഏകീകൃതമായ കണക്ക് ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-11/13.12.2022) 2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി നിർവഹണത്തിൽ വാങ്ങലുകൾ ഒന്നും നടത്തിയിട്ടില്ലെന്നും മറ്റ് നിർവഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങലുകൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ കത്തയച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ മറുപടി സമർപ്പിക്കുന്നതാണെന്നുമാണ് അറിയിച്ചത്.

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തിനും മാർഗ രേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായും മാത്രം സാധനങ്ങളും സേവനങ്ങളും വാങ്ങിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്,

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 12.12.22മുതൽ 13.12.22വരെ | നം.കെ.എസ്.എ./കെ.എൻ.ആർ. /സി.5/1743/2022 തീയതി: 20.03.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

റിമാർക്സ് :-സംയുക്ത പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച ഫണ്ടിൽ വിനിയോഗിക്കാതെ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 322004/-രൂപ (ഗ്രാമപഞ്ചായത്ത്-125504/-രൂപ ,ജില്ലാ പഞ്ചായത്ത്-28000/-രൂപ,ബ്ലോക്ക് പഞ്ചായത്ത്-166500/-രൂപ) അവശേഷിക്കുന്നുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അതാത് ഹെഡുകളിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 4-6-2 | 2015-16 | 3-1 | ഗ്രാമീണജനങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വില്ലേജ് ഹട്ട്- ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ തമ്മിലുള്ള ഉടമസ്ഥാവകാശ തർക്കം പരിഹരിക്കാതെ നിൽക്കുന്നു- 43,55,472/-രൂപ മുടക്കി നിർമ്മിച്ച കെട്ടിടം നശിക്കുന്നു. | പരാമർശം നിലനിൽക്കുന്നു. |

19-02-2022 ന് ചേർന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിയോജനകുറിപ്പോടെയും ഭരണസമിതിയിലെ രണ്ട് അംഗങ്ങളുടെ എതിർപ്പോടെയും വില്ലേജ് ഹട്ട് കെട്ടിടം പൂർണ്ണമായും അഴീക്കോട് ഗ്രാമപഞ്ചായത്തിന് വിട്ടു കൊടുക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് 05-03-2022 തീയതിയിൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി വില്ലേജ് ഹട്ടിലെ മുഴുവൻ മുറികളും അഴീക്കോട് ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം സാധൂകരണത്തിനായി സർക്കാരിലേക്ക്

സമർപ്പിക്കുകയും ചെയ്തു. എന്നാൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 50553008 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 45857220 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 25,43,895 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 8,52,305 | ഡോ: സിന്ധുകല.എ.ആർ,മെഡിക്കൽ ഓഫീസർ,സി എച്ച് സി-അഴീക്കോട്. |
| 1-18 | 6,00,000 | ശ്രീമതി കുശല.എം.വി,പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 |
| 1-19 | 2,65,000 | 1.ശ്രീ ശ്രീജേഷ്.കെ,പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 (125000/-രൂപ)<br>2.ശ്രീമതി ജീന.സി,പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 (125000/-രൂപ)<br>3.ശ്രീമതി കുശല.എം.വി, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 (15000/-രൂപ) |
| 1-20 | 8,26,590 | ശ്രീ നാസർ.പി.കെ, സൂപ്രണ്ട്, സർക്കാർ വൃദ്ധസദനം, അഴീക്കോട്. |
| ആകെ | 25,43,895 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-11,1-13,1-14

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ഡോ: സിന്ധുകല.എ.ആർ, മെഡിക്കൽ ഓഫീസർ, സി എച്ച് സി-അഴീക്കോട്. | മെഡിക്കൽ ഓഫീസർ, സി എച്ച്സി- അഴീക്കോട്, കണ്ണൂർ ജില്ല. | കൗസ്തുഭം,<br>ഹൗസ് നമ്പർ- 33/5797എ,<br>ചേവായൂർ,<br>കോഴിക്കോട് ജില്ല. |
| ശ്രീമതി കുശല.എം.വി, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്. | പീലേരി ഹൗസ്,<br>കാഞ്ഞിരങ്ങാട്,<br>കാഞ്ഞിരങ്ങാട് (പി ഒ),<br>കണ്ണൂർ ജില്ല. |
| ശ്രീ ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 | അസിസ്റ്റന്റ്,<br>0/0 കൺട്രോളർ,<br>കേരള ഹൗസ്,<br>ന്യൂഡൽഹി. | ശ്രീ സമീരം,<br>മുണ്ടയാട്,<br>വാരം(പി.ഒ),<br>കണ്ണൂർ ജില്ല. |
| ശ്രീമതി ജീന.സി, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2,എടക്കാട് ബ്ളോക്ക് പഞ്ചായത്ത്, കണ്ണൂർ ജില്ല. | ജിഫാ നിവാസ്,<br>കീഴൂർക്കുന്ന്,<br>കീഴൂർക്കുന്ന് (പി.ഒ),<br>കണ്ണൂർ ജില്ല. |
| ശ്രീ നാസർ.പി.കെ,സൂപ്രണ്ട്,സർക്കാർ വൃദ്ധസദനം,അഴീക്കോട്. | സീനിയർ സൂപ്രണ്ട്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്,<br>കണ്ണൂർ ജില്ല. | ദാറുൽ അമാൻ,<br>കോട്ടയം പൊയിൽ (പി.ഒ),<br>പത്തായക്കുന്ന് (വഴി),<br>കൂത്തുപറമ്പ്- 670691 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ /സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 1 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ /സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 2 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ /സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 3 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ | 4 |

| | | |
|---|---|---|
| | /സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 7 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 2 |
| 2009-10<br>2010-11<br>2011-12 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 14 |
| 2012-13,2013-14 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 11 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 11 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 18 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5-738/2019 തീയതി 28-05-2019<br>(ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്) | 12 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5/321/2019 തീയതി 06-07-2019 | 15 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5/929/2022 തീയതി 09-03-2022 | 12 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5/681/2022 തീയതി 03-06-2022 | 24 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ<br>/സി.5/682/2022 തീയതി 03-06-2022 | 30 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kannur Block Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 2874953.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 9229.00 |
| 150000000 | Sale & Hire Charges | RP-5 | 14665.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 31817481.00 |
| 171000000 | Interest Earned | RP-9 | 33517.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8177627.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 156040.00 |
| 350000000 | Other Liabilities | RP-36 | 218253.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8829302.00 |
| 460000000 | Loans, Advances and Deposits | RP-47 | 1296894.00 |
| | Grand total | | 53427961.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3670333.00 |
| 220000000 | Administrative Expenses | RP-12 | 596322.00 |
| 230000000 | Operations & Maintenance | RP-13 | 844248.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4178294.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16030870.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1030275.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 105281.00 |
| 255000000 | Maintenance Projects | RP-20 | 901138.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 52200.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1909210.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 16619.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 41992.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 18.00 |
| 350000000 | Other Liabilities | RP-36 | 183050.00 |
| 410000000 | Fixed Assets | RP-38 | 1879480.00 |
| 412000000 | Capital work in Progress | RP-40 | 3325890.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 10362099.00 |
| 460000000 | Loans, Advances and Deposits | RP-47 | 729901.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7565520.00 |
| Cash | Cash | RP-40(b) | 5221.00 |
| | Grand Total | | 53427961.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kannur Block Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 810852.00 |
| 140000000 | Fee & User Charges | I-4(b) | 9229.00 |
| 150000000 | Sale & Hire Charges | I-5(b) | 14665.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 34844849.00 |
| 171000000 | Interest Earned | I-8 | 33517.00 |
| | Total Income | | 35713112.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3670333.00 |
| 220000000 | Administrative Expenses | I-11(b) | 596322.00 |
| 230000000 | Operations & Maintenance | I-12(b) | 844248.00 |
| 240000000 | Interest & Finance Charges | I-13 | 18.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4179846.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 16052898.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1030275.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 105281.00 |
| 255000000 | Maintenance Projects | I-14(e) | 901138.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 52200.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1909210.00 |
| 272000000 | Depreciation | I-17(a) | 5470502.00 |
| | Total Expenditure | | 34812271.00 |
| C=A-B | Gross Surplus / Deficit of income over Expenditure | | 900841.00 |
| D=280000000 | Prior Period Item | I-18 | -1391604.00 |
| E= C-D 290000000 | Gross surplus/Defict of income over Expenditure after prior period items Transfer to Reserve Funds | | 2292445.00 |

# അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Kannur Block Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 57884658.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 14934142.00 |
| | Total Reserve & Surplus | | 72818800.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7396039.00 |
| | Total Grants, Contributions for Specific Purposes | | 7396039.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 706861.00 |
| 350000000 | Other Liabilities | B-9 | 1126498.00 |
| | Total Current Liabilities and Provisions | | 1833359.00 |
| | TOTAL LIABILITIES | | 82048198.00 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 85856531.00 |
| 411000000 | Accumulated Depreciation | B-11 | -24038382.00 |
| 412000000 | Capital Work in Progress | B-11(a) | 226269.00 |
| | Total Fixed Assets | | 62044418.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 11229980.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 7570741.00 |
| 460000000 | Loans, Advances and Deposits | B-18 | 1203059.00 |
| | Total Current Assets, Loans and Advances | | 20003780.00 |
| | Other Assets | | |

| | |
|---|---|
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 82048198.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.